# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1270 — 11.02.2016 ൽ മറുപടിയ്ക്ക്

### മാവേലി സ്റ്റോറുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സാജു പോൾ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) സംസ്ഥാനത്ത് ആകെ എത്ര മാവേലി സ്റ്റോറുകൾ പ്രവർത്തിക്കുന്നുണ്ടെന്നും മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾ ഏതൊക്കെയാണെന്നും ജില്ല തിരിച്ച് അറിയിക്കുമോ; | (ബി) സംസ്ഥാനത്ത് ആകെ 957 മാവേലി സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നുണ്ട്. മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു. |
| (സി) മുഴുവൻ പഞ്ചായത്തിലും മാവേലി സ്റ്റോറുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; | (സി) സ്വീകരിച്ചു വരുന്നു, മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ അവർ സ്ഥലം നൽകിയാൽ ഉടൻതന്നെ സ്റ്റോറുകൾ ആരംഭിക്കും. |
| (ഡി) മാവേലി സ്റ്റോർ വഴി സാധനങ്ങൾ ലഭിക്കാൻ റേഷൻ കാർഡ് നിർബന്ധമാണോ; വിശദവിവരം നൽകാമോ; | (ഡി) ആണ്. സപ്ലൈകോ വിൽപ്പനശാലകളിൽ നിന്നും സബ്സിഡി സാധനങ്ങളുടെ വിൽപ്പന മാത്രമാണ് റേഷൻ കാർഡ് വഴി നിയന്ത്രിക്കുന്നത്. സബ്സിഡി സാധനങ്ങൾ യഥാർത്ഥ ഉപഭോക്താവിന് തന്നെ ലഭ്യമാക്കുന്നതിനു വേണ്ടിയാണ് അവയുടെ വിൽപ്പന റേഷൻ കാർഡ് വഴി നിയന്ത്രിച്ചിട്ടുള്ളത്. സബ്സിഡി സാധനങ്ങളൊഴികെയുള്ള എല്ലാ സാധനങ്ങളും റേഷൻ കാർഡ് നിയന്ത്രണമില്ലാതെ വാങ്ങാവുന്നതാണ്. |
| (ഇ) മാവേലി സ്റ്റോറുകളിൽ പരാതിപ്പെട്ടി സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ? | (ഇ) ഉപഭോക്താക്കൾക്ക് പരാതി അറിയിക്കുന്നതിന് ഫോൺ, ഇ-മെയിൽ, പരാതി പുസ്തകം, ഉപഭോക്തൃ കമ്മിറ്റികൾ എന്നീ സംവിധാനങ്ങൾ നിലവിൽ ഉണ്ട്. എന്നിരുന്നാലും ഇത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - 1

| ജില്ല | മാവേലി സ്റ്റോറുകൾ ഇല്ലാത്ത പഞ്ചായത്തുകൾ |
|---|---|
| തിരുവനന്തപുരം | അഞ്ചുതെങ്ങ് |
| കോട്ടയം | മുത്തോലി |
| പത്തനംതിട്ട | ചെറുകോൽ |
| ഇടുക്കി | ദേവികുളം, കാന്തല്ലൂർ, മറയൂർ, ഇടമലക്കുടി, വട്ടവട, പള്ളിവാസൽ, ചിന്നക്കനാൽ. |
| ആലപ്പുഴ | കുമാരപുരം, വീയാപുരം, തുറവൂർ. |
| എറണാകുളം | കടമക്കുടി |
| പാലക്കാട് | പിരായിരി, മലമ്പുഴ, പട്ടഞ്ചേരി, എരുത്തേമ്പതി, വടവന്നൂർ, തിരുമിറ്റക്കോട്, പുതൂർ. |
| മലപ്പുറം | വെട്ടത്തൂർ, പറപ്പൂർ, തെന്നല, ഒതുക്കങ്ങൽ, പെരുമണ്ക്ലാരി. |
| കണ്ണൂർ | പള്ളിക്കുന്ന്, ചൊക്ലി |
| വയനാട് | ഇടവക, വെങ്ങാപ്പള്ളി |
| കാസർഗോഡ് | പുതിഗെ, മഞ്ചേശ്വരം, മധൂർ, കുമ്പഡ്ജെ, മൊഗ്രൽ പുതൂർ, മീഞ്ച, വോർക്കാടി, ബെല്ലൂർ. |

സെക്ഷൻ ഓഫീസർ